(സി) ടി നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി ഇതിനകം മന്ത്രിസഭ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പട്ടികജാതിക്കാർക്ക് എന്തെങ്കിലും കൊല്ലത്തേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സൗജന്യങ്ങൾ തിരുവിതാംകൂർ–കൊച്ചിയിലെ അവശക്രിസ്ത്യാനികൾക്കുകൂടി അനുവദിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) ഇല്ല, ഇതേപ്പറ്റി ആലോചിച്ചുവരുന്നു.

കടിഞ്ഞിക ബില്ലുകൾ.

* 1131. [60] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് എയ്ഡഡ് സ്കൂൾസ് ഫൈനൽ കോഡ് എത്രയുണ്ടു്;

(ബി) 1952–നു ശേഷമുള്ള കടിഞ്ഞിക ബില്ലുകൾ കിട്ടാനുള്ളവയായി ഇതിൽ എത്രയെണ്ണമുണ്ടു്;

(സി) ഈ സ്കൂളുകൾക്കെല്ലാം കടിഞ്ഞിക ബില്ലുകൾ കിട്ടാനുണ്ടെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ കാര്യത്തെപ്പറ്റി ഉടനടി ഒരു അന്വേഷണം നടത്താമോ?

മുഖ്യമന്ത്രി (ശ്രീ. പറവൂർ ടി. ഗോവിന്ദമേനോൻ):

(എ) 88.

(ബി) 73.

(സി) ഉണ്ടു്.

(ഡി) ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ നടന്നിവരുന്നുണ്ടു്.

കാളനൈസേഷൻ സ്കീം.

* 1132. [61] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് തിരുവിതാംകൂർ–കൊച്ചിയിൽ എല്ലാ സ്ഥലങ്ങളിൽ കാളനിയം സ്ഥാപിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു്;

(ബി) നെടുമങ്ങാടു് താലൂക്കിൽ എതെങ്കിലും സ്ഥലത്തു്: കാളനൈസേഷൻപ്രകാരം അനുസരിച്ചു് കാളനി സ്ഥാപിക്കണമെന്നു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെടുമങ്ങാടുതാലൂക്കിൽ വലിയമല റിസർവ്വിൽ ഒരു കാളനി സ്ഥാപിക്കണമെന്നു് കുറവർ ഗ്രാമോദ്ധാരണ സഹകരണസംഘം (നമ്പർ 2512) ൽനിന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly